**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2838** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജിംഗ് സ്റ്റേഷനുകൾ പ്രധാനപ്പെട്ട റോഡുകളിലും ടൗണുകളിലും കൂടാതെ ചെറിയ പട്ടണങ്ങളിലും ഗ്രാമങ്ങളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടോ; വിശദമാക്കുമോ? | (എ) | 2019-ലെ ഇ.വി. പോളിസി അനുസരിച്ച് സംസ്ഥാനത്ത് ചാർജിങ് ശൃംഖല സ്ഥാപിക്കുന്നതിനുള്ള ചുമതല സംസ്ഥാന നോഡൽ ഏജൻസിയായ കെ.എസ്.ഇ.ബി.എൽ-ന് ആണ്. അതനുസരിച്ച് 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലുമായി പ്രധാന റോഡുകൾക്ക് സമീപം സ്ഥിതി ചെയ്യുന്ന അനുയോജ്യമായ ലൊക്കേഷനുകളിലാണ് ഇവ സ്ഥാപിച്ചിരിക്കുന്നത്. ഇതിനു പുറമേ ഓട്ടോറിക്ഷ, ഇരുചക്ര വാഹനങ്ങൾ എന്നിവയ്ക്കായി 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും കെ.എസ്.ഇ.ബി.എൽ സ്ഥാപിച്ചു കഴിഞ്ഞു. ഓരോ നിയോജക മണ്ഡലത്തിലും, കുറഞ്ഞത് അഞ്ച് എന്ന നിരക്കിലും, കോർപ്പറേഷൻ ഉൾപ്പെട്ട നിയോജക മണ്ഡലങ്ങളിൽ കുറഞ്ഞത് 15 എന്ന നിരക്കിലും ബഹുമാനപ്പെട്ട എം.എൽ.എ-മാരുടെ നിർദ്ദേശത്തിന് അനുസരിച്ചാണ് കെ.എസ്.ഇ.ബി.എൽ-ന്റെ വിതരണ പോളുകളിൽ ഇവ സ്ഥാപിച്ചിരിക്കുന്നത്. ഇത്തരത്തിൽ സംസ്ഥാനത്തുടനീളം സാന്നിധ്യം ഉറപ്പാക്കുന്ന രീതിയിലാണ് കെ.എസ്.ഇ.ബി.എൽ ബൃഹത്തായ ചാർജിംഗ് ശൃംഖല രൂപപ്പെടുത്തിയിരിക്കുന്നത്.<br><br>ഇലക്ട്രിക് കാറുകൾ ദീർഘദൂരയാത്രകൾക്ക് ഉപയോഗിക്കുന്ന സന്ദർഭങ്ങളിലാണ് ഫാസ്റ്റ് ചാർജറുകൾ പ്രധാനമായും ആവശ്യമായി വരുന്നത്. അതിനാൽ ദേശീയപാത, എം സി റോഡ്, മറ്റ് സ്റ്റേറ്റ് ഹൈവേകൾ എന്നിവിടങ്ങളിലാണ് DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ ആവശ്യമായി വരുന്നത്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് കഫറ്റേരിയ, വാഷ് റൂം സൗകര്യങ്ങളുള്ള ഹോട്ടലുകൾ, റസ്റ്റാറന്റുകൾ എന്നിവിടങ്ങളിൽ സൗരോർജ്ജ ചാർജിംഗ് സംവിധാനത്തിനും ഫാസ്റ്റ് ചാർജിംഗ് |

| | | | |
|---|---|---|---|
| | | | മെഷീനുകൾക്കും സംസ്ഥാന സർക്കാർ അനെർട്ട് വഴി സാമ്പത്തിക സഹായം നൽകി വരുന്നു.<br><br>150 മുതൽ 250 കിലോമീറ്റർ വരെ ഉപയോഗമുള്ള ഇലക്ട്രിക് കാറുകൾക്ക് ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെ ആവശ്യം വരുന്നില്ല |

സെക്ഷൻ ഓഫീസർ